FC

# തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ദിലീപ്കുമാർ.റ്റി.ഐ

വിഷയം:- വനംവകുപ്പ്-ജീവനക്കാര്യം-01.01.2018 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.രതീഷ്.എസ്-ന്റെ സ്ഥാനം പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.08.2019-ലെ ഇ5-6226/2018 നമ്പർ ഉത്തരവ്
2. മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 01/2021 തീയതിയിലെ ഇ1-537/21 നമ്പർ കത്ത്
3. പബ്ളിക് സർവ്വീസ് കമ്മീഷൻ പാലക്കാട് ജില്ലാ ഓഫീസറുടെ 19.01.2012 തീയതിയിലെ PIV(1) 201/07/8 നമ്പർ നിയമന ശുപാർശ

**ഉത്തരവ് നമ്പർ ഇ5-6226/2020 തീയതി : 03-03-2021**

സൂചന (1) പ്രകാരമുള്ള 01.01.2018 തീയതി പ്രാബല്യത്തിലുള്ള ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ തന്റെ സ്ഥാനം പുന:ക്രമീകരിച്ച് 24-12-2020 പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മണ്ണാർക്കാട് ഡിവിഷനിലെ ക്ലാർക്ക് ശ്രീമതി.കെ.ഇന്ദിര സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ പാലക്കാട് ജില്ലാ ഓഫീസറുടെ സൂചന (3) പ്രകാരമുള്ള നിയമന ശുപാർശയിൽ ക്രമനമ്പർ (7) ആയ ശ്രീമതി.ഇന്ദിര.കെ സൂചന (1) പ്രകാരമുള്ള ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ (243) ലും, മേൽ നിയമന ശുപാർശയിൽ ക്രമനമ്പർ (9) ആയ ശ്രീ.രതീഷ്.എസ് മേൽ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ (240)-ലുമാണ് ഉൾപ്പെട്ടിരിക്കുന്നത്. പബ്ളിക് സർവ്വീസ് കമ്മീഷന്റെ മേൽ നിയമന ശുപാർശ പ്രകാരം, ശ്രീ.രതീഷ്.എസ്-ന്റെ സീനിയോരിറ്റി ലിസ്റ്റിലെ സ്ഥാനം ക്രമനമ്പർ (243) ശ്രീമതി.ഇന്ദിര.കെ.യ്ക്കും

ക്രമനമ്പർ (244) ശ്രീമതി.സ്മിത സുകുമാരനും മദ്ധ്യേ ക്രമീകരിക്കേണ്ടതായി കാണുന്നു.

മേൽ സാഹചര്യത്തിൽ 01.01.2018 പ്രാബല്യത്തിലുള്ള ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്ലർക്ക് ശ്രീ.രതീഷ്.എസ്.ന്റെ സ്ഥാനം ക്രമനമ്പർ (243) ശ്രീമതി.ഇന്ദിര.കെ.യുടെയും, ക്രമനമ്പർ (244), ശ്രീമതി.സ്മിത സുകുമാരന്റെയും മദ്ധ്യേ (243A ) ആയി പുന:ക്രമീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

Dileep K.K

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

TO

ശ്രീമതി. ഇന്ദിര.കെ, ക്ലാർക്ക് (മേലധികാരി മുഖേന)

പകർപ്പ്:
1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിൾ പാലക്കാട്.
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർക്കാട്
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) വനംവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. ഇ3 സെക്ഷൻ
5. സ്റ്റോക്ക് ഫയൽ